# Kerala Tourism

## KERALA KAUMUDI

### Master plan for tourism development activities at Kovalam

**Date :** 11.7.2022 | **Edition : Trivandrum** | **Page :** 3 | **Clip size (cm) : W:** 21 **H:** 21

PDF (/pdfClipping/bdf15cad-2497-462d-a49e-254c1f5434ea)

---

# കോവളത്തെ ടൂറിസം വികസന പദ്ധതിക്ക് മാസ്റ്റർ പ്ലാൻ

## ■ പ്രോജക്ട് റിപ്പോർട്ട് ഈ മാസം സമർപ്പിക്കും


▸ദീപു.ആർ


തിരുവനന്തപുരം: രാജ്യാന്തര ടൂറിസം കേന്ദ്രമായ കോവളത്ത് ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന വികസന പദ്ധതിക്ക് മാസ്റ്റർ പ്ലാനായി. സഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും വിനോദ സഞ്ചാര വികസനത്തിനാവശ്യമായ പദ്ധതികളും ഉൾപ്പെടുന്ന മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയാണ് പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നത്.

കോവളം ഗ്രോ ബീച്ച് മുതൽ ആഴിമല, അടിമലത്തുറ വരെയുള്ള 10 കിലോമീറ്ററിലധികം തീരദേശത്തെ വിനോദ സഞ്ചാരപദ്ധതികൾക്ക് ഉപയോഗപ്പെടുന്ന വിധമാണ് പദ്ധതി. തുടർച്ചയായ കടലാക്രമണവും കൈയേറ്റവും കാരണം കോവളം ബീച്ച് നഷ്ടപ്പെടുകയും സഞ്ചാരികൾക്കാവശ്യമായ സൗകര്യങ്ങളുടെ പോരായ്മകൾ ബോദ്ധ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മന്ത്രി പി.എ. മുഹമ്മദ് റിയാസ് മുൻകൈയെടുത്താണ് കോവളം, ആഴിമല, അടിമലത്തുറ ബീച്ചുകളെ ബന്ധപ്പെടുത്തി പദ്ധതി നടപ്പാക്കിയത്.

കോവളത്തെ പരന്ന കടൽത്തീരം സഞ്ചാരികളെ ആകർഷിക്കുംവിധം അണിയിച്ചൊരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ആഭ്യന്തര - വിദേശ വിനോദ സഞ്ചാരികൾക്ക് പരമാവധി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനൊപ്പം ബീച്ചിലെ വ്യാപാരികളെ നിലനിറുത്താൻ ആവശ്യമായ നടപടികളുമുണ്ടാകും.

കോവളം മുതൽ അടിമലത്തുറ വരെ കടലാക്രമണം തടയുന്നതിന് കടൽഭിത്തി നിർമ്മിക്കുന്നതിനാണ് പ്രഥമ പരിഗണന.

സൈലന്റ്‌വാലി പാർക്കിൽ സൺബാത്തിനുള്ള വിപുലമായ ക്രമീകരണങ്ങളും ഒരുക്കും. കോവളമുൾപ്പെടെ മുഴുവൻ സ്ഥലത്തും നടപ്പാതകളും നവീകരിക്കും. പദ്ധതിയുടെ വിശദ റിപ്പോർട്ട് ഈ മാസം അവസാനത്തോടെ കിഫ്ബി ടൂറിസം വകുപ്പിന് സമർപ്പിക്കുമെന്നാണ് വിവരം.



### സ്ഥലമേറ്റെടുക്കൽ പുരോഗമിക്കുന്നു

പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ സ്ഥലം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഏറ്റെടുത്തുവരികയാണ്.

നഗരസഭ, റവന്യൂ വിഭാഗം, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ എന്നിവയുടെ സഹകരണത്തോടെയാണ് സ്ഥലമേറ്റെടുപ്പ്. ഈ ആഴ്ചയോടെ നടപടികൾ പൂർത്തിയാക്കുമെന്നാണ് സൂചന. ജില്ലാ കളക്ടർ നവ്ജ്യോത് ഖോസയുടെയും മേയർ ആര്യാ രാജേന്ദ്രന്റെയും നേതൃത്വത്തിലാണ് നടപടികൾ.

### മുഖംമാറ്റുന്ന പദ്ധതികൾ

കോവളത്തെ റാവിസ് ഹോട്ടലിന് സമീപം റാവിസ് ഉടമ നൽകുന്ന അഞ്ച് സെന്റ് സ്ഥലത്ത് വിദേശ രാജ്യങ്ങളുടെ മാതൃകയിൽ ടോയ്‌ലെറ്റ് കോംപ്ലക്സും കടലിൽ ഇറങ്ങിവരുന്നവർക്ക് കുളിക്കാനുള്ള വാഷ് റൂമും നിർമ്മിക്കും. നഗരസഭയുടെ അരഏക്കറിലധികം സ്ഥലത്ത് കലാസാംസ്കാരിക പരിപാടികളും ഫെസ്റ്റിവലുകളും സംഘടിപ്പിക്കാൻ ആംഫി തിയേറ്റർ, മാലിന്യ സംസ്കരണത്തിനായി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയും പദ്ധതിയിലുണ്ട്. ഹോട്ടൽ മാലിന്യമുൾപ്പെടെയുള്ള മുഴുവൻ മാലിന്യങ്ങളും സംസ്കരിക്കാൻ ട്രീറ്റ്മെന്റ് പ്ലാന്റ് ഉപകരിക്കും. സഞ്ചാരികളുടെ സുരക്ഷിതത്വം മുന്നിൽക്കണ്ട് ബീച്ചിൽ എൽ.ഇ.ഡി ലൈറ്റുകളും ബീച്ചിന്റെ പ്രാധാന്യവും ആരോഗ്യ സുരക്ഷാ നിർദ്ദേശങ്ങളും വിവരിക്കുന്ന എൽ.ഇ.ഡി വാളുകളും സ്ഥാപിക്കും. ബീച്ചും പരിസരവും പൂർണമായും സിസി ടിവി നിരീക്ഷണത്തിലാക്കും. ടൂറിസം പൊലീസിനും ഗൈഡുകൾക്കും ലൈഫ് ഗാർഡുകൾക്കും ആവശ്യമായ കെട്ടിടങ്ങളും സൗകര്യങ്ങളും പദ്ധതിയുടെ ഭാഗമായി സജ്ജമാക്കും.

**പദ്ധതിത്തുക**
**56 കോടി**



KAUMUDI SPECIAL